**പതിമൂന്നാം കേരള നിയമസഭ**
**പതിമൂന്നാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3094 23/03/2015-ൽ മറുപടിയ്ക്ക്

# വി.എഫ്.പി.സി.കെ മുഖേന സംഭരിച്ച പച്ചക്കറി

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.എ.കെ.ബാലൻ** | **ശ്രീ . കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി)** |
| എ) വി.എഫ്.പി.സി.കെ മുഖേന സംസ്ഥാനത്ത് എത്ര രൂപയുടെ, എത്ര ടൺ പച്ചക്കറി വിൽപന നടത്തി; കഴിഞ്ഞ വർഷത്തെ കണക്ക് വ്യക്തമാക്കാമോ; | എ) വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ സംസ്ഥാനത്തെ 14 ജില്ലകളിലും പ്രവർത്തിച്ചുവരുന്ന സ്വാശ്രയ കർഷകസമിതികൾ മുഖേന 2013-14 സാമ്പത്തിക വർഷം 66.91 കോടി രൂപയുടെ 33779 മെട്രിക് ടൺ പച്ചക്കറികൾ വിപണനം നടത്തിയിട്ടുണ്ട്. |
| ബി) വി.എഫ്.പി.സി.കെ വിൽപന നടത്തിയ പച്ചക്കറിയിൽ കേരളത്തിൽ നിന്നും സംഭരിച്ച പച്ചക്കറി ഉണ്ടോ; എങ്കിൽ എത്ര ടൺ പച്ചക്കറി സംസ്ഥാനത്ത് നിന്ന് സംഭരിച്ചു; സംഭരിച്ച സ്ഥലവും, അളവും, നൽകിയ വിലയും, കഴിഞ്ഞ മൂന്നുവർഷത്തെ വിശദാംശങ്ങൾ നൽകുമോ; | ബി) വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പച്ചക്കറികൾ സംഭരിക്കുന്നില്ല. കർഷകർ ഉല്പാദിപ്പിക്കുന്ന പച്ചക്കറികളും പഴങ്ങളും കർഷക പങ്കാളിത്തത്തോടെ നടത്തുന്ന സ്വാശ്രയകർഷകസമിതികളിൽ എത്തിച്ച് വിപണനം നടത്തുകയാണ് ചെയ്യുന്നത്. പ്രസ്തുത ഉല്പന്നങ്ങൾ ലേലം ചെയ്താണ് വിൽക്കുന്നത്. നമ്മുടെ സംസ്ഥാനത്തു നിന്നുള്ള കർഷകരുടേതല്ലാത്ത പച്ചക്കറികളൊന്നും തന്നെ ഇവിടെ വില്പനയ്ക്കെത്തിക്കാറില്ല. കഴിഞ്ഞ മൂന്ന് വർഷങ്ങളിലായി വി.എഫ്.പി.സി.കെ സ്വാശ്രയ കർഷകസമിതികൾ വഴി വിറ്റഴിച്ച പഴം പച്ചക്കറി ഉല്പന്നങ്ങളുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു. |

| വർഷം | തൂക്കം (മെ.ടൺ) | വില (രൂപ കോടിയിൽ) |
|---|---|---|
| 2011-12 | 102893 | 163.71 |
| 2012-13 | 101156 | 222.42 |
| 2013-14 | 92185 | 230.6 |

സി) ഇതേ കാലയളവിൽ വി.എഫ്.പി.സി.കെ എത്ര ടൺ പച്ചക്കറി അന്യസംസ്ഥാനത്തുനിന്നും സംഭരിച്ചിട്ടുണ്ട് ; സംഭരിച്ച സ്ഥലവും, അളവും, ചെലവഴിച്ച തുകയും വിശദമാക്കുമോ;

സി) വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരള അന്യസംസ്ഥാനത്തുനിന്ന് പച്ചക്കറി സംഭരിക്കുന്നില്ല

ഡി) വി.എഫ്.പി.സി.കെ മുഖേന വിതരണം ചെയ്യുന്ന പച്ചക്കറി കീടനാശിനി രഹിതമാണെന്നും ഗുണനിലവാര മുള്ളതാണെന്നും ഉറപ്പുവരുത്താൻ എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്;

ഡി) വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളയുടെ അംഗങ്ങളായുള്ള കർഷകരുടെ കൂട്ടായ്മയായ സ്വാശ്രയ കർഷകസംഘങ്ങൾ മുഖാന്തിരമാണ് പച്ചക്കറികൾ കൃഷി ചെയ്യുന്നതും വിപണനം നടത്തുന്നതും. Safe to eat തത്വമനുസരിച്ച് രാസകീടനാശിനി കളുടേയും രാസവളങ്ങളുടേയും ഉപയോഗം ഒഴിവാക്കി, പരമാവധി ജൈവകൃഷി മുറകൾ അനുവർത്തിച്ച് ഗുണമേന്മയുള്ള പച്ചക്കറികൾ ഉല്പാദിപ്പിക്കുന്നതിനുള്ള ബോധവത്ക്കരണ ക്ലാസ്സുകളും ചർച്ചകളും സെമിനാറുകളും കർഷകർക്കായി സംഘടിപ്പിക്കാറുണ്ട്.

എന്നാൽ പച്ചക്കറികളിൽ കീടനാശിനിയുടെ അംശം ഉണ്ടോ എന്നറിയുന്നതിനുള്ള ലബോറട്ടറി പരിശോധനകൾ നടത്തിയിട്ടില്ല. സംസ്ഥാനത്ത് വെള്ളായണി കാർഷിക കോളേജിൽ മാത്രമാണ് ഇതിനുള്ള ലാബോറട്ടറി സംവിധാനമുള്ളത്. പ്രസ്തുത ലാബിൽ പരിശോധനയ്ക്കായി

കൃഷിയിടത്തിൽ നിന്ന് എടുക്കുന്ന പച്ചക്കറികളിൽ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കർഷകരുടെ ഉല്പന്നങ്ങളും ഉൾപ്പെടുന്നുണ്ട്.

ഇ) വി.എഫ്.പി.സി.കെ പച്ചക്കറി വില നിയന്ത്രിക്കാൻ മാർക്കറ്റിൽ ഇടപെടുന്നതിന്റെ ഭാഗമായി സർക്കാർ സബ്സിഡിയോടെ വിലകുറച്ച് വിൽപ്പന നടത്തിയിട്ടുണ്ടോ; എങ്കിൽ എത്ര ടൺ പച്ചക്കറി ഇപ്രകാരം വിതരണം ചെയ്തു; എത്ര രൂപ ഈയിനത്തിൽ സർക്കാർ വി.എഫ്.പി.സി.കെ ക്ക് നൽകി; വിശദാംശങ്ങൾ നൽകുമോ?

ഇ) വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ പച്ചക്കറി വില നിയന്ത്രിക്കാൻ മാർക്കറ്റിൽ ഇടപെടുന്നതിന്റെ ഭാഗമായി സർക്കാർ സബ്സിഡിയോടെ വില കുറച്ച് വില്പന നടത്തിയിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| വർഷം | തൂക്കം (മെ.ടൺ) | സർക്കാരിൽ നിന്ന് ലഭിച്ച തുക (രൂപ ലക്ഷത്തിൽ) |
|---|---|---|
| 2013 ഓണം ഫെയർ | 5080 | 125 |
| 2014 ഓണം ഫെയർ | 996.487 | 25 |

സെക്ഷൻ ഓഫീസർ